എ നെട്ടൂർ യൂണിറ്റ് ആവ
ജോസഫ് അധ്യക്ഷത വ
എൻ.സി. സെബാസ്റ്റ്യൻ,
ു.

സ്പ്ലേ
്യാമ്പ്

ിനു സമീപം ഇന്ന് ടൊ
ാർവീസ് ക്യാമ്പും ഉണ്ടാ
470 86043.

സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങിൽ കൗൺസിലർ നിസി സാബു പഠനോപകരണങ്ങൾ കൈമാറി ചടങ്ങ് ഉദ്ഘാടനം ചെയ്തു. അമ്മക്കിളിക്കൂട് സംസ്ഥാന പ്രസിഡന്റ് അമ്പിളി പ്രസന്നൻ അധ്യക്ഷത വഹിച്ചു.

അഡ്വ. ബി.ആർ. മുരളീധരൻ, ബിനോയ് പുരുഷൻ, സുരേന്ദ്രൻ കളമശേരി, ഷാജി ഇടപ്പള്ളി, ടൈറ്റസ് ക്ലീറ്റസ്, പ്രധാനാധ്യാപിക കെ. നജീറ എന്നിവർ സംസാരിച്ചു.

7/7/22

ത്ത് സെന്ററുകളുടെ പ്രവർത്തനങ്ങളാണ് പ്രതിസന്ധിയിലായത്.

ഡോക്ടറെ കണ്ട് മരുന്നിന് എഴുതി വാങ്ങിയാലും മറ്റ് സേവനങ്ങൾക്ക് മണിക്കൂറുകൾ കാത്തിരിക്കണം. നഴ്സുമാരുടെ നേതൃത്വത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ ഇപ്പോൾ ആശാവർക്കർമാരാണ് ചെയ്യുന്നത്. ഇതുമൂലം പല അബദ്ധങ്ങളും ഉണ്ടാകാൻ സാധ്യതയുണ്ട്.

പനിയും സാംക്രമിക രോഗങ്ങളും കോവിഡിന്റെ വ്യാപനവുമുള്ള സമയത്ത് ജാഗ്രത പുലർത്തേണ്ടപ്പോൾ ആരോഗ്യവകുപ്പ് വലിയ വീഴ്ചയാണ് വരുത്തുന്നതെന്ന് ബിജെപി പഞ്ചായത്ത് കമ്മിറ്റി കുറ്റപ്പെടുത്തി. അടിയന്തരമായി പ്രശ്നം പരിഹരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ബിജെപി പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് പി.ടി. ഗോപകുമാർ അധ്യക്ഷത വഹിച്ചു. ദേവച്ചൻ പടയാട്ടിൽ, എം. സുനിൽ കുമാർ, ഷിബു രാജ്, അവറാച്ചൻ ആലുക്ക, കെ. സത്യപാൽ, മുരളീധരൻ വടക്കുംപിള്ളി, ലീന ഷിബു, ഓമന രവീന്ദ്രൻ, ഹരി കൂവപ്പടി, വി.കെ. സോമൻ എന്നിവർ സംസാരിച്ചു.

വിവിധ ആവശ്യങ്ങളുന്നയിച്ച് കൊച്ചി സൗത്തിയ 'മനുഷ്യ തടയണ' പ്രതിഷേധ സമര

്ലിക് റിലേഷൻസ് കൗൺസിലും
വര കോളജും ധാരണാപത്രം ഒപ്പിട്ടു

പരിശീലനം, പ്രഭാഷണ
ദ്ധതികൾ, വ്യവസായ
പ്രസിദ്ധീകരണം എന്നി
സാഹിപ്പിക്കുന്നതിനാ
ാ സേക്രഡ് ഹാർട്ട് കോ
ബ്ലിക് റിലേഷൻസ് കൗ
ഓഫ് ഇന്ത്യയും ധാര
ം ഒപ്പുവച്ചു.

ജ് ിൻസിപ്പൽ ഫാ.
ജാ..., പിആർസിഐ
ൽ പ്രസിഡന്റ് ഡോ. ടി.
ുമാർ എന്നിവരാണ് ഒ

ച്ച് സ്കൂൾ ഓഫ് കമ്യൂ
ഷൻ ഡയറക്ടർ ബാബു

തേവര സേക്രഡ് ഹാർട്ട് കോളജും പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയും തമ്മിലുള്ള ധാരണാപത്രം പ്രിൻസിപ്പൽ ഫാ. ജോസ് ജോൺ ഏറ്റുവാങ്ങുന്നു.

ജോസഫ്, റാം സി മേനോൻ, സുജിത് നാരായണൻ (സ്റ്റേറ്റ് കോ ഓർഡിനേറ്റർ) എന്നിവർ പ്രസംഗിച്ചു.

കുന്നുകര ഗ്രാമപഞ്ചായത്ത് നിർമിച്ച ശാന്തിനിലയം.പൊതുശ്മശാനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

പൊതുശ്മശാനം ഉദ്ഘാടനം ചെയ്തു

നെടുമ്പാശേരി: കുന്നുകര ഗ്രാമപഞ്ചായത്ത് ആധുനിക രീതിയിൽ നിർമിച്ച ശാന്തിനിലയം ഗ്യാസ് പൊതുശ്മശാനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. ഹൈബി ഈഡൻ എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, വൈസ് പ്രസിഡന്റ് ഷൈനി ജോർജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി. പ്രദീഷ്, പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു, വൈസ് പ്രസിഡന്റ് അബ്ദുൾ ജബ്ബാർ, ഷിബി പുതുശേരി, സിജി വർഗീസ്, സി.കെ. കാസിം, ബീന ജോസ്, മിനി പോളി, ജിജി സൈമൺ, രമ്യ സുനിൽ, സുധ വിജയൻ, എ.ബി. മനോഹരൻ, പഞ്ചായത്ത് സെക്രട്ടറി അഫ്സൽ രാജ് എന്നിവർ പങ്കെടുത്തു.

സ്മരണം

മായും എച്ച് ഐഎൽ
ിയായും ദീർഘകാലം
ണ സമരങ്ങളുടെ സം
ാടിൽ അനുശോചനം
ിയൂണിയനുകളുടെ പ
ാർഡിനേഷൻ കമ്മിറ്റി
മരണം സംഘടിപ്പിച്ചു.
ിൽ ഇന്നലെ നടന്ന അ
ധ്യക്ഷത വഹിച്ചു. ജി.
എൻ. ഗോപിനാഥ്, വി.
എം. യൂസഫ് , പി.എം.
എടിയു കളമശേരി ഏ
നുസ്മരണ സംഭാഷ

വടക്കേക്കര സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട എ.സി. ശശിധര കുമാർ.

വിദ്യാർഥികൾക്ക് ഹോസ്പിറ്റാലിറ്റി അറിവുകൾ പകർന്നു നൽകി നൈപുണ്യ കോളജ്

അങ്കമാലി: പൊങ്ങം നൈപുണ്യ കോളജിന്റെ ആഭിമുഖ്യത്തിൽ അത്താണി സെന്റ് ഫ്രാൻസിസ് അസീസി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ വിദ്യാർഥികൾക്കായി ഹോട്ടൽ മാനേജ്മെന്റിന്റെ അടിസ്ഥാന വിഷയങ്ങളെ പരിചയപ്പെടുത്തുന്ന പരിശീലന പരിപാടി സംഘടിപ്പിച്ചു. ഹോട്ടൽ മാനേജ്മെന്റ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ ഹോട്ടൽ മാനേജ്മെന്റ് വിഭാഗം വൈസ് പ്രിൻസിപ്പൽ റോബർട്ട് ഫെർണാണ്ടസിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റാലിറ്റി വിദ്യാഭ്യാസത്തിലെ മുൻനിരക്കാർ, എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. കെ.ജെ. പോളച്ചൻ, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ എന്നിവർ സംസാരിച്ചു.

ബേക്കറി ആൻഡ് ടേബിൾ മര്യാദകളിൽ അടിസ്ഥാന പരിശീലനം നൽകി. റോബർട്ട് ഫെർണാണ്ടസ്, ഷെഫ് പ്രഭാകരൻ എന്നിവർ പരിശീലന പരിപാടികൾക്ക് നേതൃത്വം നൽകി.

സംസ്കൃത സർവകലാശാലയ്ക്ക് ഗ്രന്ഥശേഖരം കൈമാറി

കൊച്ചി: യശഃശരീരനായ വി. രാഘവന്റെ സംസ്കൃതം വേദാന്ത വിഷയ സംബന്ധിയായ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ മകളും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ പീഡിയാട്രിക് ജനറിക് വിഭാഗം പ്രഫസറുമായ ഡോ. ഷീലാ നമ്പൂതിരി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്കു കൈമാറി. സർവകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ അക്കാഡമിക് ബ്ലോക്കിൽ നടന്ന ചടങ്ങിൽ പ്രോ-വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ഗ്രന്ഥശേഖരം ഏറ്റുവാങ്ങി.

സംസ്കൃതം വേദാന്ത വിഭാഗം മേധാവിയും പ്രഫസറുമായ ഡോ. എം.എസ്. മുരളീധരൻപിള്ള അധ്യക്ഷനായിരുന്നു. പ്രോ വൈസ്ചാൻസലറായി നിയമിതയായ വേദാന്ത വിഭാഗം മുൻ ഡീനും അധ്യക്ഷയും പ്രഫസറുമായിരുന്ന ഡോ. കെ. മുത്തുലക്ഷ്മിയെ ചടങ്ങിൽ അനുമോദിച്ചു. വേദാന്ത വിഭാഗം ഡീൻ ഡോ. എസ്. ഗീതാമണി അമ്മ, ഡോ. വി. വസന്തകുമാരി, ഡോ. എസ്. ഷീബ എന്നിവർ പ്രസംഗിച്ചു. ഗ്രന്ഥശേഖരം സർവകലാശാലയുടെ കാലടി മുഖ്യകേന്ദ്രത്തിലെ സംസ്കൃതം വേദാന്ത വിഭാഗം ലൈബ്രറിയിലാണ് സൂക്ഷിക്കുക.

യശഃശരീരനായ വി. രാഘവന്റെ സംസ്കൃതം വേദാന്ത വിഷയ സംബന്ധിയായ ഗ്രന്ഥശേഖരം അദ്ദേഹത്തിന്റെ മകൾ ഡോ. ഷീലാ നമ്പൂതിരിയിൽനിന്നു സംസ്കൃത സർവകലാശാലയ്ക്ക് വേണ്ടി പ്രോ-വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ഏറ്റുവാങ്ങുന്നു.

ചെണ്ടുമല്ലി കൃഷിക്ക് തൈകൾ നട്ടു

നെടുമ്പാശേരി: ഓണത്തിന് ഒരു കൊട്ട പൂവ് എന്ന പദ്ധതിയുടെ ഭാഗമായി പുത്തൻവേലിക്കര പഞ്ചായത്ത് വാർഡ് എട്ടിൽ നടപ്പാക്കുന്ന ചെണ്ടുമല്ലി കൃഷിയുടെ തൈ നടീൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.വി. പ്രദീഷ് ഉദ്ഘാടനം ചെയ്തു.

സിഡിഎസ് പ്രസിഡന്റ് ഷാന്റി ഫ്രാൻസിസ് അധ്യക്ഷയായി. പഞ്ചായത്ത് പ്രസിഡന്റ് റോസി ജോഷി, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ഡ്യൂയി ജോൺ , വാർഡ് മെമ്പർമാരായ ജെൻസി നാരായണൻ, എ.ആർ. ശ്രീജിത്ത്, കെ.എ. കുഞ്ഞയ്യപ്പൻ, മുൻ വാർഡ് മെമ്പർ കെ.വി. ബൈജു , ഷൈനി ബാബു, വത്സ വേണു എന്നിവർ സംസാരിച്ചു.

ണിത്തുറ

സാന്താക്രൂസ്(12, 3, 6,9) 9.30) Yaanai (T 3.30, 7 ചാർലി(6.30)

ൽ (Dolly Atmos): 6.30, 9.30) അടിത്തട്ട് .30) സാന്താക്രൂസ് Minions: The Rise of ocketry (T 3.30)പ്രിയൻ ന്(6.30) വിക്രം(T 9.30)

ll- ഉല്ലാസം (12.45, 7, 9.50) ് (12.50, 4,7.15) വിക്രം ർലി(10 pm)